

# വാർത്തകളും കുറിപ്പുകളും

**1. ആദ്യഫലപ്പെരുന്നാൾ: ഡിസംബർ 4, ഞായർ**

ഡിസംബർ 3 ശനിയാഴ്ച രാവിലെ 9 മണിക്ക് വികാരി അച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ച, ഈ വർഷത്തെ ലേല വസ്തുക്കളുടെ സ്വീകരണവും രജിസ്ട്രേഷനും അന്ന് രാത്രി 9 മണി വരെയും ഞായറാഴ്ച രാവിലെ 6.30 മണി മുതലും തുടർന്നു. ഡിസംബർ 3,4 തീയതികളിൽ പ്രകൃതിയെ ഏറ്റവും അനുകൂലമാക്കി തന്ന ദൈവത്തിന് സ്തോത്രം. ഡിസംബർ 4 ഞായറാഴ്ച രാവിലെ 7.30 ന് ആരംഭിച്ച സംയുക്ത ആരാധനയ്ക്ക് ശേഷം പ്രഭാത ഭക്ഷണം കഴിഞ്ഞയുടനെ ആദ്യഫലലേലവും വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തിയ സ്റ്റാളുകളുടെ പ്രവർത്തനവും ആരംഭിച്ചു. യംഗ് ഫാമിലി ഫെലോഷിപ്പ്, യൂത്ത് ഫെലോഷിപ്പ്, വിമൻസ് ഫെലോഷിപ്പ്, ചർച്ച് ക്വയർ, സണ്ടേസ്കൂൾ, ഇക്കോളജി ഫോറം, തമിഴ്, ഹിന്ദി ആരാധനാ സമൂഹം എന്നിവർ സംഘടിപ്പിച്ച 8 സ്റ്റാളുകളും ചർച്ച് കമ്മിറ്റി നടത്തിയ നാടൻ തട്ടുകടയും ഏറ്റവും ഭംഗിയായി പ്രവർത്തിച്ചു. സംഘാടകർക്കും വോളണ്ടിയർമാർക്കും സഭയുടെ നന്ദി.

സ്റ്റേജിലെ ക്രമീകരണങ്ങൾ, ലേല വസ്തുക്കളുടെ സ്വീകരണം, രജിസ്ട്രേഷൻ, ഡേറ്റാ എൻട്രി, ലേലം വിളി, ലേല വസ്തുക്കളുടെ കൈമാറ്റം തുടങ്ങിയ എല്ലാ കാര്യങ്ങളും ഏറ്റവും കാര്യക്ഷമമായി നിർവഹിച്ച സ്റ്റേജ് മാനേജ്മെന്റ്, ടെക്നിക്കൽ ടീം അംഗങ്ങൾ എല്ലാവരോടും സഭയുടെ അകമഴിഞ്ഞ നന്ദിയും അനുമോദനങ്ങളും അറിയിക്കട്ടെ. സ്റ്റാളുകളിലെ സാധനങ്ങൾ ക്രമീകരിച്ച്, വില്പന നടത്തുന്നതിന് കഠിനാദ്ധ്വാനം ചെയ്ത സ്റ്റാൾ പ്രവർത്തകരെയും, ഭക്ഷണ കൂപ്പൺ വിതരണം സ്തുത്യർഹമായി നിർവഹിച്ച അൽമായ ഫെലോഷിപ്പ് ഭാരവാഹികളെയും രാവിലെയും ഉച്ചയ്ക്കും ഭക്ഷണ വിതരണം നിയന്ത്രിച്ച വോളണ്ടിയർമാരെയും സഭയുടെ പേരിൽ അഭിനന്ദിക്കുന്നു. ലേലം വിളിയും സ്റ്റാളുകളിലെ വില്പനയും ഭംഗിയായും ഉചിതമായും കൃത്യസമയത്ത് പൂർത്തീകരിയ്ക്കുവാൻ മുൻകൈ എടുത്ത വോളണ്ടിയർമാരെയും അവസാനം വരെ എല്ലാകാര്യങ്ങൾക്കും പൂർണമായി സഹകരിച്ച സഭാജനങ്ങളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. രണ്ട് വർഷങ്ങൾക്ക് ശേഷം വിശാലമായ പന്തൽ ക്രമീകരിച്ച കൈക്കാരന്മാരെയും, ഹാർവെസ്റ്റ് ഫെസ്റ്റിവൽ കൺവീനർമാരുടെ ചുമതല വഹിച്ച ശ്രീ. ജേക്കബ് തോമസ്, അഡ്വ. പി.ജെ. കോശി, ശ്രീ. റോബിൻ സാം

കുര്യൻ എന്നിവരെയും സഭയുടെ നന്ദി അറിയിക്കുന്നു. ഏവരെയും ദൈവം അത്യധികമായി അനുഗ്രഹിക്കട്ടെ.

വാർഷിക സ്തോത്രദാന കവർ വഴി ലഭിച്ച 49,83,071 രൂപ, ആദ്യഫലപ്പെരുന്നാൾ വഴി ലഭിച്ച 8,66,316 രൂപ, സ്റ്റാളുകളിൽ നിന്ന് ലഭിച്ച 5,08,116 രൂപ, ഭക്ഷണ കൂപ്പൺ വഴി ലഭിച്ച 1,57,850 രൂപയും ഉൾപ്പെടെ ആകെ 49,83,071 രൂപ ഡിസംബർ അവസാനം വരെ ദാനാർപ്പണങ്ങളായി സമർപ്പിച്ചതിന് ദാതാക്കളെ എല്ലാം സമൃദ്ധി ആയി അനുഗ്രഹിക്കേണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു.

**2. ബെഥേൽ ശതാബ്ദി ആഘോഷ സമാപനം : ഡിസംബർ 10, ശനി**

തിരുവല്ല, കുറ്റപ്പുഴയിൽ പ്രവർത്തിക്കുന്ന ബെഥേലിന്റെ ശതാബ്ദി ആഘോഷ സമാപന സമ്മേളനത്തിൽ (ഡിസംബർ 10, ശനി) നമ്മുടെ വിമൻസ് ഫെലോഷിപ്പ് പ്രവർത്തകർ പങ്കെടുത്തു. പ്രോഗ്രാം ഏവർക്കും അനുഗ്രഹകരമായിരുന്നു.

**3. ഗായക സംഘത്തിലേക്ക് 22 പുതിയ അംഗങ്ങൾ : ഡിസംബർ 11, ഞായർ**

ഡിസംബർ 11 ഞായറാഴ്ച, മലയാളം ആരാധനാ മദ്ധ്യേ, നമ്മുടെ ഗായക സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 22 പുതിയ അംഗങ്ങളെ കൂടി, വികാരി റവ. പി.കെ. ചാക്കോ അച്ചന്റെ കാർമ്മികത്വത്തിൽ പ്രതിഷ്ഠിച്ചു. ദൈവിക ഗാനശുശ്രൂഷ ഏറ്റെടുത്ത എല്ലാ പുതിയ ഗായക സംഘാംഗങ്ങളെയും സഭയുടെ പേരിൽ അനുമോദിയ്ക്കുന്നു.

**4. പ്രൊഫിഷ്യൻസി അവാർഡ് ദാനവും മെഡിയ്ക്കൽ വിദഗ്ധരെ ആദരിയ്ക്കലും : ഡിസംബർ 18, ഞായർ**

ഡിസംബർ 18, ഞായറാഴ്ച മലയാളം ആരാധനയ്ക്ക് ശേഷം, ക്രൈസ്റ്റ് ചർച്ചിൽ വെച്ച് 10, 12 പരീക്ഷകളിൽ (2021-22 ലെ സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ.) മികച്ച വിജയം നേടി, സഭയുടെ പ്രൊഫിഷ്യൻസി അവാർഡുകൾ കരസ്ഥമാക്കിയ നമ്മുടെ പ്രിയപ്പെട്ട വിദ്യാർത്ഥികളെയും, ദീർഘകാലം മെഡിയ്ക്കൽ രംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തതോടൊപ്പം തന്നെ നമ്മുടെ സഭയ്ക്ക് വേണ്ടിയും വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ചില മുതിർന്ന അംഗങ്ങളെയും ആദരിയ്ക്കുന്നതിന് റവ.പി.കെ. ചാക്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ ഒരു അനുമോദനയോഗം നടത്തി.

പ്രൊഫിഷ്യൻസി അവാർഡു നേടിയവരുടെ പേരുവിവരങ്ങൾ പേജ് 24-ൽ നല്കിയിരിക്കുന്നു.

**മെഡിയ്ക്കൽ സേവനത്തിന് ആദരിയ്ക്കപ്പെട്ട മുതിർന്ന സഭാ അംഗ ങ്ങൾ**

1. ഡോ. എ.എം. മാത്യു (ID. M-066/ പേജ് നമ്പർ 39)
2. ഡോ. എൻ.ഒ. വർഗീസ് (ID.V-066/പേജ് നമ്പർ 446)
3. ഡോ. വി. കോശി ജേക്കബ് (ID. K-014 /പേജ് നമ്പർ 190)
4. ഡോ. മിസ്സിസ്. റേച്ചൽ ജേക്കബ് (ID. R-061/ പേജ് നമ്പർ 24)
5. ഡോ. വി.പി. ഫിലിപ്പ് (ID. P-018/പേജ് നമ്പർ 530)
6. ശ്രീമതി ഏലിയാമ്മ ജോസഫ് (ID. J-075/പേജ് നമ്പർ 471)
7. ഡോ. കെ. ഐ. കുര്യൻ (ID. K-033 പേജ് നമ്പർ 179)

**5. ക്രിസ്തുമസ് ട്രീറ്റ് പുനസംഘടിപ്പിച്ചു: ഡിസംബർ 18, ഞായർ**

മുൻകാലങ്ങളിൽ ക്രിസ്തുമസിനെ വരവേൽക്കാനായി സണ്ടേ സ്കൂൾ കുഞ്ഞുങ്ങൾക്കും, യൗവനക്കാർക്കും മുതിർന്ന സഭാജന ങ്ങൾക്കുമായി നടത്തിയിരുന്ന 'ക്രിസ്തുമസ് ട്രീറ്റ്' എന്ന പരിപാടി വർഷ ങ്ങൾക്ക് ശേഷം, സെന്റിനറി ഹാളിൽ വെച്ച് ഡിസംബർ 18 ഞായർ വൈകിട്ട് 4 മണി മുതൽ വർണാഭമായ ആഘോഷത്തോടെ പുനഃസം ഘടിപ്പിച്ചു. സണ്ടേസ്കൂൾ, യൂത്ത് ഫെലോഷിപ്പ്, യങ്ഫാമിലി പ്രതിനി ധികളെ കൂടാതെ സഭയിലെ മുതിർന്ന അംഗങ്ങളും കൂടെ ചേർന്ന് ക്രിസ്തുമസ് സ്പെഷ്യൽ ഗാനങ്ങളും, ക്രിസ്തുമസ് സ്കിറ്റുകളും അവ തരിപ്പിച്ചു. സണ്ടേസ്കൂൾ കുഞ്ഞുങ്ങളുടെ സന്തോഷത്തിനായി ഈ പരി പാടിയിലേക്ക് എത്തിച്ചേർന്ന 'സാന്താക്ലോസ്' കുഞ്ഞുങ്ങൾക്ക് മാത്ര മല്ല, പങ്കെടുത്ത സഭാജനങ്ങൾക്കും സർപ്രൈസ് സമ്മാനങ്ങളും മിഠാ യികളും വിതരണം ചെയ്തത് വേറിട്ട അനുഭവമായി മാറി.

ഡിസംബർ മാസത്തെ ക്രിസ്തുമസ്, നവവത്സര പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ കൺവീനർമാരായി പ്രവർത്തിച്ച ശ്രീ.സുകു സി. ഉമ്മൻ, ശ്രീ. ബിജു ജോസഫ്, ശ്രീ. റോയ് ഫിലിപ്പ് (ആലുമ്മൂട്ടിൽ), ശ്രീ. ജേക്കബ് തോമസ് എന്നിവരോടും, സാന്തായുടെ സംഭാഷണം മലയാള ത്തിലേക്ക് പരിഭാഷപ്പെടുത്തിയ ശ്രീ. സജി സാം ജോർജിനോടുമുള്ള സഭയുടെ നന്ദിയും സ്നേഹവും അറിയിക്കട്ടെ.

**6. ഹരിത ഭവനം അവാർഡും സമ്മാനങ്ങളും**

ക്രൈസ്റ്റ് ചർച്ചിലെ ഈ വർഷത്തെ ഹരിതഭവനം അവാർഡു കളും സമ്മാനങ്ങളും പ്രഖ്യാപിച്ചു. വിജയികളോരോരുത്തർക്കും സഭ യുടെ അനുമോദനങ്ങൾ അറിയിയ്ക്കുകയും ഇതിനായുള്ള മത്സരവും വിലയിരുത്തലും നടത്തിയ ഇക്കോളജി ഫോറം ഭാരവാഹികളെ അഭിന ന്ദിക്കുകയും ചെയ്യുന്നു. വിശദവിവരങ്ങൾക്ക് പേജ് 19 കാണുക

**7. ക്രിസ്തുമസ് കരോൾ : ഡിസംബർ 24, ശനി**

നമ്മുടെ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ ക്രിസ്മസ് കരോൾ ഡിസംബർ 24, ശനിയാഴ്ച വൈകിട്ട് പൂർവ്വാധികം ഭംഗിയായി നടത്തി. ദേവാലയവും പരിസരവും മനോഹരമായി ദീപാലംകൃതമാക്കിയപ്പോൾ കരോൾ സന്ധ്യ കൂടുതൽ വർണ ശബളമായി. ആറ് മാസത്തെ കൃത്യമായ പരിശീലനത്തിനൊടുവിൽ നടന്ന ഗാനശുശ്രൂഷയിൽ നവാഗതരായ അംഗങ്ങൾക്കും പാടാൻ അവസരം ലഭിച്ചു. ക്വയർ മാസ്റ്റർമാരായ ശ്രീ. ജോഗൻ ഇ. മാത്യു, ശ്രീ. ജോൺ ജേക്കബ് ഈപ്പൻ എന്നിവരോടും, മനോഹര ഗാനങ്ങൾ ആലപിച്ച ഗായക സംഘാംഗങ്ങളോടും, കരോൾ അവതാരക ആയി പ്രവർത്തിച്ച ഡോ. ജിലു ജോബിനോടുമുള്ള സഭയുടെ നന്ദിയും സ്നേഹവും അറിയിക്കട്ടെ. ഈ വർഷത്തെ ക്രിസ്തുമസ് ദൂത് നല്കിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഡോ. ബിജു ജേക്കബ് IA & AS ന് സഭയുടെ സ്നേഹാദരങ്ങളും നന്ദിയും അർപ്പിക്കുന്നു.

**8. സ്പോൺസർഷിപ്പിന് നന്ദി**

നമ്മുടെ ഗായകസംഘാംഗങ്ങൾ എല്ലാവർക്കും ആവശ്യമായ പുതിയ ക്വയർ റോബ്സ് സ്പോൺസർ ചെയ്ത നമ്മുടെ സഭാംഗം ശ്രീ. ജോൺ മാത്യു (ID No.J-119/Page183) ദേവാലയത്തിലെ അൾത്താര, ക്വയർ സ്റ്റാൾ, സൈഡ് ചാപ്പലും, പുൽപിറ്റ് എന്നിവിടങ്ങളിലേക്ക് പുതിയ കാർപെറ്റ് സ്പോൺസർ ചെയ്ത കമ്മിറ്റി അംഗങ്ങളായ ശ്രീ. ഏബ്രഹാം നൈനാൻ (ID.No. A 033/Page 210) ശ്രീമതി ജോളി മത്തായി (ID No.L-007/Page288) എന്നിവർക്കും, ഡിസംബർ 24 കരോൾ സർവീസ്, ഡിസംബർ 31 വർഷാന്ത്യ ഉടമ്പടി ശുശ്രൂഷ എന്നിവയ്ക്ക് ശേഷം കേക്ക് വിതരണം സ്പോൺസർ ചെയ്ത ഡോ. തോമസ് ബിജു മാത്യു, ശ്രീ. കോരാ എബ്രഹാം എന്നിവർക്കും സഭയുടെ നന്ദി അറിയിക്കുന്നു.

ക്രിസ്തുമസ് ദിവസത്തെ 4 ദിവ്യ ആരാധനകളും ഡിസംബർ 31 ശനിയാഴ്ച വൈകിട്ട് അൽമായ ഫെലോഷിപ്പിന്റെ വർഷാന്ത്യ സ്തോത്ര പ്രാർത്ഥനയും തുടർന്ന് നടന്ന വർഷാന്ത്യ ആരാധനയും ഉടമ്പടി ശുശ്രൂഷയും ഏറ്റവും ഭംഗിയായി നടത്താൻ കൃപ ചെയ്ത ദൈവത്തെ സ്തുതിക്കുന്നു.

ഏറ്റവും അനുഗ്രഹീതവും ആശങ്കാരഹിതവുമായ പുതുവത്സരം ഏവർക്കും ആശംസിച്ചുകൊണ്ട്

പ്രാർത്ഥനയോടെ,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി